## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 11.07.2014 -ൽ മറുപടിക്ക്
നമ്പർ : 7179

### ത്രിവിക്രമംഗലം ക്ഷേത്രത്തിനു സമീപമുള്ള ആറ്റുപുറമ്പോക്ക് ഭൂമി സ്വകാര്യ വ്യക്തിക്ക് പതിച്ചു നൽകിയ സംഭവം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി.ഡി. സതീശൻ | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം ജില്ലയിൽ തിരുമല വില്ലേജിൽ ത്രിവിക്രമംഗല ക്ഷേത്രത്തിനു സമീപമുള്ള ആറ്റുപുറമ്പോക്ക് ഭൂമി റീസർവ്വേക്ക് ശേഷം ഒരു സ്വകാര്യ വ്യക്തിക്ക് പതിച്ചു നൽകിയതിനെതിരെ തിരുവിതാംകൂർ ദേവസ്വം സ്പെഷ്യൽ തഹസിൽദാർ ജില്ലാകളക്ടർക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; | (എ) ഇല്ല. തിരുമല വില്ലേജിൽ റീസർവ്വേ നിലവിൽ വന്നത് 2014 മാർച്ച് 1-നാണ്. എന്നാൽ ക്ഷേത്രോപദേശക സമിതിയുടെ പരാതിയിന്മേൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ അതിൻ പ്രകാരം താലൂക്ക് സർവ്വെയർ ആറ്റുപുറമ്പോക്ക് പ്രത്യേകമായി അളന്നു തിരിച്ച് സ്കെച്ച് തയ്യാറാക്കി നൽകിയിട്ടുണ്ടോ; | (ബി) ഇല്ല. |
| (സി) ഇല്ലെങ്കിൽ സർക്കാർ ഭൂമി നഷ്ടപ്പെടാതെ അളന്ന് തിരിച്ച്, അവിടെയുള്ള മരങ്ങൾ നമ്പർ ഇട്ട് ഭൂമി അതിർത്തി തിരിച്ച് സർക്കാർ ഭൂമി ആയിത്തന്നെ നിലനിർത്തുന്ന തിനാവശ്യമായ നടപടി സ്വീകരിക്കുമോ; | (സി) & (ഡി) ക്ഷേത്രോപദേശക സമിതി 15.06.2012-ൽ നൽകിയ പരാതിയിന്മേൽ 26.06.2013-ന് സ്പെഷ്യൽ തഹസിൽദാർ ജില്ലാകളക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ കെ.എൽ.സി പ്രകാരം നടപടി സ്വീകരിക്കുന്നതിന് താലൂക്ക് സർവ്വേയർ മുഖാന്തിരം ക്ഷേത്രഭൂമിയും ആറ്റുപുറമ്പോക്കും പ്രത്യേകമായി അളന്ന് തിരിച്ച് സ്കെച്ച് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് തിരുവനന്തപുരം അഡീഷണൽ തഹസിൽദാർക്ക് ജില്ലാകളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) ഇതു സംബന്ധിച്ച് ത്രിവിക്രമംഗലം ക്ഷേത്രോപദേശക സമിതി ബഹു. മന്ത്രിക്ക് നൽകിയ പരാതിയിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ? | |

സെക്ഷൻ ഓഫീസർ